ടി.കെ ഉബൈദ്



സൂറ - 46

# അൽ അഹ്ഖാഫ്

# الأحقاف

**സൂക്തം 11-12**

▼

എല്ലാ കാലത്തും എല്ലാ സമൂഹങ്ങളിലും അസത്യത്തിന്റെ വക്താക്കൾ വിചാരിക്കുന്നത് നന്മയുടെയും സത്യത്തിന്റെയും വാഹകരും വക്താക്കളുമാണ് തങ്ങളെന്നാകുന്നു. തങ്ങൾക്ക് നന്മയായി തോന്നുന്നതെന്തോ അതു മാത്രമാണ് നല്ലത്. സത്യമായിത്തോന്നുന്നതെന്തോ അതു മാത്രമാണ് സത്യം. സത്യവും മിഥ്യയും മനസ്സിലാക്കാൻ തങ്ങളോളം കഴിവുള്ളവരാരുമില്ല.

وَقَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوا۟ لَوْ كَانَ خَيْرًا مَّا سَبَقُونَآ إِلَيْهِ ۚ وَإِذْ لَمْ يَهْتَدُوا۟ بِهِۦ
فَسَيَقُولُونَ هَٰذَآ إِفْكٌ قَدِيمٌ ﴿١١﴾

*11*

*സത്യധർമങ്ങൾ നിഷേധിക്കുന്നവർ വിശ്വസിക്കുന്നവരോട് പറയുന്നു: ഈ വേദത്തിൽ വല്ല ഗുണവുമുണ്ടായിരുന്നുവെങ്കിൽ ഞങ്ങളെക്കാൾ മുമ്പായി അക്കൂട്ടരതു സ്വീകരിക്കുമായിരുന്നില്ല. ഈ വേദത്തിലൂടെ സന്മാർഗമുൾക്കൊള്ളാത്തതിനാൽ ഇപ്പോൾ തീർച്ചയായും അവർ ജൽപിക്കും; ഇതൊരു പഴഞ്ചൻ കള്ളമാണെന്ന്.*

| | |
|---|---|
| (സത്യ-ധർമങ്ങൾ) നിഷേധി(ക്കുന്ന)ച്ചവർ പറ(യുന്നു)ഞ്ഞു | وَقَالَ الَّذِينَ كَفَرُوا |
| വിശ്വസിച്ച(ക്കുന്ന)വരോട് | لِلَّذِينَ آمَنُوا |
| അത് (ഈ വേദത്തിൽ വല്ല) ഒരു ഗുണം ഉണ്ടായിരുന്നുവെങ്കിൽ | لَوْ كَانَ خَيْرًا |
| അവർ അതിലേക്ക് ഞങ്ങളെ മുൻകടക്കുമായിരുന്നില്ല (ഞങ്ങളെക്കാൾ മുമ്പായി അക്കൂട്ടർ അതു സ്വീകരിക്കുമായിരുന്നില്ല) | مَّا سَبَقُونَا إِلَيْهِ |
| അതുകൊണ്ട് (ഈ വേദത്തിലൂടെ) അവർ സന്മാർഗം ഉൾക്കൊള്ളാത്തതിനാൽ | وَإِذْ لَمْ يَهْتَدُوا بِهِ |
| ഇപ്പോൾ തീർച്ചയായും അവർ പറയും (ജൽപിക്കും) | فَسَيَقُولُونَ |
| ഇതൊരു പഴഞ്ചൻ കള്ളമാണ് (എന്ന്) | هَٰذَا إِفْكٌ قَدِيمٌ |

ഈ ഖുർആൻ അല്ലാഹുവിങ്കൽനിന്ന് അവതീർണമായതാണെന്നു മനസ്സിലാക്കുകയും പൂർവ വേദക്കാരിൽ ചിലർ അതു സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടും സത്യനിഷേധികൾ അഹന്തയാൽ അതിനെ നിഷേധിക്കുന്നുവെന്ന് മുൻ സൂക്തം പ്രസ്താവിച്ചുവല്ലോ. ആ അഹന്ത എന്താണെന്നും എങ്ങനെയാണവരിൽ പ്രവർത്തിക്കുന്നതെന്നും വിശദീകരിക്കുകയാണീ സൂക്തം. എല്ലാ കാലത്തും എല്ലാ സമൂഹങ്ങളിലും അസത്യത്തിന്റെ വക്താക്കൾ വിചാരിക്കുന്നത് നന്മയുടെയും സത്യത്തിന്റെയും വാഹകരും വക്താക്കളുമാണ് തങ്ങളെന്നാകുന്നു. തങ്ങൾക്ക് നന്മയായി തോന്നുന്നതെന്തോ അതു മാത്രമാണ് നല്ലത്. സത്യമായിത്തോന്നുന്നതെന്തോ അതു മാത്രമാണ് സത്യം. സത്യവും മിഥ്യയും മനസ്സിലാക്കാൻ തങ്ങളോളം കഴിവുള്ളവരാരുമില്ല. സത്യം ആദ്യം സ്വീകരിക്കുന്നതും മിഥ്യ ആദ്യം വർജിക്കുന്നതും തങ്ങളായിരിക്കും. തങ്ങൾക്കു സ്വീകാര്യമാകാത്തതൊക്കെയും തിന്മയും അസത്യവുമാകുന്നു. ഇങ്ങനെ ചിന്തിക്കുന്നത് കേവലം പാമരന്മാരോ അജ്ഞാനികളോ അല്ല. വലിയ വിദ്വാന്മാരും ധിഷണാശാലികളും ധനാഢ്യരും അധികാരസ്ഥരുമൊക്കെയായിരിക്കും അതിനു നേതൃത്വം നൽകുന്നത്. ഒരു കാര്യം സത്യവും നന്മയുമാകണമെങ്കിൽ അത് തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതായിരിക്കണം. അതിന്റെ വക്താക്കളും വാഹകരും തങ്ങൾ തന്നെയായിരിക്കണം. പാമരന്മാരും അജ്ഞാനികളും അവരുടെ അനുകർത്താക്കളാകുന്നു. വരേണ്യർ അവരോട് പറയും: മുസ് ലിംകൾ ഓതുന്ന ഈ വചനങ്ങളിൽ വല്ല നന്മയും ഉണ്ടായിരുന്നുവെങ്കിൽ ഞങ്ങളായിരുന്നു അത് ആദ്യം സ്വീകരിക്കുക. വിദ്യയുടെയും വിത്തത്തിന്റെയും ഉടമകളും ജനനായകരുമായ ഞങ്ങൾക്കൊന്നും സ്വീകാര്യമാകാത്ത കാര്യങ്ങൾ എങ്ങനെ നന്മയും ധർമവുമാകാനാണ്? ഞങ്ങൾക്ക് വിശ്വാസയോഗ്യമായി തോന്നുന്നില്ല എന്നതുതന്നെ ഖുർആൻ ദൈവിക വചനങ്ങളല്ല എന്നതിന്റെ മികച്ച തെളിവാകുന്നു. الَّذِينَ كَفَرُوا എന്ന വാക്ക് കൊണ്ട് സൂചിപ്പിക്കുന്നത് സത്യനിഷേധികളുടെ നായകന്മാരെയാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. 'അവർ മുൻകടക്കുമായിരുന്നില്ല' എന്നതിലെ 'അവർ' മുഹമ്മദ് നബിയും അദ്ദേഹത്തിന്റെ സന്തത സഹചാരികളായ പ്രമുഖ സ്വഹാബികളുമാണ്.

ഖുർആൻ സത്യവും സന്മാർഗവും വ്യക്തമായി വിശദീകരിക്കുന്ന വേദമാണ്. മുൻവിധിയില്ലാതെ പഠിക്കുന്നവർക്ക് അത് അനായാസം ഗ്രഹിക്കുകയും ചെയ്യാം. പക്ഷേ, ഖുർആൻ വെളിപ്പെടുത്തുന്ന സത്യങ്ങൾ സ്വീകരിക്കാൻ നിഷേധികൾ തയാറാകുന്നില്ല. അതിനാൽ, ഖുർആൻ മുഹമ്മദ് അല്ലെങ്കിൽ അയാളെ നിയന്ത്രിക്കുന്നവർ കെട്ടിച്ചമച്ച വ്യാജോക്തികൾ മാത്രമാകുന്നു എന്ന തങ്ങളുടെ നിലപാടിനെ ന്യായീകരിക്കാൻ നിർബന്ധിതരാവുകയാണവർ. ഇതാണ് وَإِذْ لَمْ يَهْتَدُوا ....... قَدِيمٌ എന്ന വചനത്തിന്റെ താൽപര്യം. പുരാതന കാലം മുതലേ ആളുകൾ കൈമാറിവരുന്ന പ്രസിദ്ധമായ കള്ളം- അന്ധവിശ്വാസം എന്നാണ് إِفْكٌ قَدِيمٌ-ന്റെ ആശയം. ●

'വേദവാഹകർ' എന്നത് ഇസ്രാഈല്യരുടെ ഒരു ശ്രേഷ്ഠതയായും അവർ കരുതിയിരുന്നു. ആ അടിസ്ഥാന അറിവിനെത്തന്നെ സാക്ഷിയാക്കി അവരുടെ ധിക്കാരപരമായ നിഷേധത്തെ പ്രഹരിക്കുകയാണ്.

وَمِن قَبْلِهِۦ كِتَٰبُ مُوسَىٰٓ إِمَامًا وَرَحْمَةً ۚ وَهَٰذَا كِتَٰبٌ مُّصَدِّقٌ لِّسَانًا عَرَبِيًّا لِّيُنذِرَ ٱلَّذِينَ ظَلَمُوا۟ وَبُشْرَىٰ لِلْمُحْسِنِينَ ﴿١٢﴾

*12*

*എന്നാൽ, സന്മാർഗ ദർശകവും ദൈവാനുഗ്രഹവുമായിക്കൊണ്ട് മൂസായുടെ വേദം ഇതിനു മുമ്പേ ഉള്ളതാണല്ലോ. ഇതാവട്ടെ അതിനെ സത്യപ്പെടുത്തിക്കൊണ്ട് അറബി ഭാഷയിൽ അവതീർണമാകുന്ന വേദമാകുന്നു; അധർമികളെ താക്കീത് ചെയ്യാനും സുകൃതർക്ക് സുവിശേഷമോതാനും.*

| | |
|---|---|
| ഇതിനു മുമ്പേ ഉണ്ട് (ഉള്ളതാണല്ലോ) | وَمِن قَبْلِهِ |
| മൂസായുടെ വേദം | كِتَابُ مُوسَىٰ |
| നായകനും കരുണയുമായിട്ട് (സന്മാർഗ ദർശകവും ദൈവാനുഗ്രഹവുമായിക്കൊണ്ട്) | إِمَامًا وَرَحْمَةً |
| ഇത് (ആവട്ടെ) | وَهَٰذَا |
| (അതിനെ) സത്യപ്പെടുത്തുന്ന(ത്തിക്കൊണ്ട്) വേദമാകുന്നു | كِتَابٌ مُّصَدِّقٌ |
| അറബി ഭാഷയിലായിട്ട് (യിൽ അവതീർണമാകുന്ന) | لِّسَانًا عَرَبِيًّا |
| അധർമികളായവരെ താക്കീതു ചെയ്യാൻ | لِّيُنذِرَ الَّذِينَ ظَلَمُوا |
| സുവിശേഷമായിട്ടും (സുവിശേഷം ഓതാനും) | وَبُشْرَىٰ |
| സുകൃതർക്ക് | لِلْمُحْسِنِينَ |

ഈ ഖുർആൻ മുഹമ്മദ് നബി കെട്ടിച്ചമച്ചതാണെന്ന് വാദിക്കുന്ന നിഷേധികൾ വാദിക്കുന്നത് അല്ലാഹു മനുഷ്യരെ മാർഗദർശനം ചെയ്യാൻ മനുഷ്യരിൽനിന്നുള്ള പ്രവാചകന്മാരെ നിയോഗിക്കുകയില്ലെന്നാണ്. പ്രവാചക നിയോഗം ഇല്ലെങ്കിൽ പിന്നെ വേദാവതരണവും ഇല്ലല്ലോ. ഈ വാദം നിഷേധിച്ചുകൊണ്ട് പറയുകയാണ്: ഇസ്രാഈല്യരിൽ ഒരാളായ മൂസാ (അ) ഒരു മഹാ പ്രവാചകനായിരുന്നുവെന്ന കാര്യം സുവിദിതമാണല്ലോ. ദൈവം മനുഷ്യരെ പ്രവാചകന്മാരായി നിയോഗിക്കുകയില്ലെന്ന് മുശ്രിക്കുകൾ പൊതുവിൽ വാദിക്കുന്നുണ്ടെങ്കിലും അത് മുഹമ്മദീയ പ്രവാചകത്വം നിഷേധിക്കുന്നതിനുള്ള ന്യായമായിട്ടാണ്. എന്നാൽ, മൂസാ (അ) ഇസ്രാഈലീ സമുദായത്തിലെ പ്രമുഖനായ ഒരു മനുഷ്യനായിരുന്നുവെന്നും അദ്ദേഹത്തെ അല്ലാഹു പ്രവാചകനായി നിയോഗിച്ചിരുന്നുവെന്നും അദ്ദേഹത്തിന് തൗറാത്ത് എന്ന വേദം അവതരിപ്പിച്ചുകൊടുത്തിട്ടുണ്ടെന്നുമൊക്കെ അറബികൾ ഇസ്രാഈല്യരിൽനിന്ന് നേരത്തെ കേട്ടു മനസ്സിലാക്കിയിട്ടുള്ളതാണ്. അതൊന്നും അവർ നിഷേധിച്ചിരുന്നില്ല. അതെല്ലാം ഇസ്രാഈല്യരുടെയും അവരുടെ ദൈവത്തിന്റെയും കാര്യം. തങ്ങളുടെ ദൈവങ്ങൾക്ക് മനുഷ്യരെ മാർഗദർശനം ചെയ്യാൻ പ്രവാചകന്മാരെ നിയോഗിക്കുകയും അവർക്ക് വേദം അവതരിപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന ഏർപ്പാടില്ല- ഇതായിരുന്നു അതെക്കുറിച്ച് അവരുടെ നിലപാട്. എല്ലാ ജനവിഭാഗങ്ങളുടെയും -മുഴുപ്രപഞ്ചത്തിന്റെയും ദൈവം ഒരേയൊരുവൻ തന്നെ എന്ന സത്യം അവർക്ക് സ്വീകാര്യമായിരുന്നില്ല. 'എല്ലാ ദൈവങ്ങളെയും കൂട്ടിക്കെട്ടി ഒറ്റ ദൈവമാക്കുകയോ? എന്തൊരു വിചിത്ര വാദം!' (38:5) എന്നാണവർ പറഞ്ഞത്. ഒരുവേള എല്ലാ ജനത്തിന്റെയും ദൈവം ഒന്നാണെങ്കിൽതന്നെ ആ ദൈവത്തിന് പ്രവാചകന്മാരെ നിയോഗിക്കുകയും വേദമിറക്കുകയും ചെയ്യുന്ന പരിപാടിയൊന്നുമില്ലെന്നും വാദിച്ചു.

മുഹമ്മദ് നബിയെ നിഷേധിക്കാൻ ഇങ്ങനെ വാദിക്കുമ്പോഴും അവരുടെ മനസ്സിന്റെ അടിത്തട്ടിൽ പരമ്പരാഗതമായി ഇസ്രാഈല്യരിൽനിന്ന് കേട്ടു പരിചയിച്ച പ്രവാചകത്വവും വേദാവതരണവും ഉണ്ടായിരുന്നു. 'വേദവാഹകർ' എന്നത് ഇസ്രാഈല്യരുടെ ഒരു ശ്രേഷ്ഠതയായും അവർ കരുതിയിരുന്നു. ആ അടിസ്ഥാന അറിവിനെത്തന്നെ സാക്ഷിയാക്കി അവരുടെ ധിക്കാരപരമായ നിഷേധത്തെ പ്രഹരിക്കുകയാണ്. ഇതിനു മുമ്പ് മൂസാക്ക് അല്ലാഹു മാർഗദർശകവും അനുഗ്രഹദായകവുമായ വേദമവതരിപ്പിച്ചുകൊടുത്ത കാര്യം നിങ്ങൾ അറിഞ്ഞിട്ടുള്ളതാണല്ലോ. മൗലികമായ അർഥത്തിൽ, ഒരാൾ ഒരു കാര്യം ചെയ്യാൻ മാനദണ്ഡമായി സ്വീകരിക്കുന്നതെന്തോ അതാണ് ഇമാം. നായകൻ, മാർഗദർശകൻ, ആചാര്യൻ തുടങ്ങിയ പ്രയോഗാർഥങ്ങളിലാണ് അധികവും ഉപയോഗിക്കുന്നത്. കരുണയും കൃപയുമാണ് رحمة. ഇതു ക്രിയാനാമം (مصدر) ആണെ

**ശിർക്ക് ചെയ്യുന്നവർ ദൈവത്തോടല്ല അവരോടു തന്നെയാണ് അക്രമം പ്രവർത്തിക്കുന്നത്. അതിന്റെ അനന്തര ഫലം അനുഭവിക്കേണ്ടതും അവർ തന്നെ. പരലോക രക്ഷയും നന്മയും കാംക്ഷിക്കുന്നവർ ആ അനന്തര ഫലം മുന്നിലെത്തുന്നതിനു മുമ്പ് തങ്ങളുടെ വിശ്വാസവും ചര്യയും സംസ്കരിക്കാൻ തയാറാകണം.**

ങ്കിലും വിശേഷണ പദമായും ഉപയോഗിച്ചു വരുന്നു. اماما ورحمة എന്നിവ മൂസാ നബിയുടെ അവസ്ഥയെ കുറിക്കുന്നത് (حال) ആവാം. വേദത്തിന്റെ അവസ്ഥയെക്കുറിക്കുന്നതുമാവാം. പൂർവ കാലത്ത് ഇസ്രാഈല്യർക്ക് സന്മാർഗ ദർശകവും ദൈവാനുഗ്രഹവുമായിക്കൊണ്ട് വേദമവതരിപ്പിച്ചുകൊടുത്ത കാര്യം നിങ്ങൾക്കറിയാം. അതുപോലൊരു വേദമാണിതും. ഇത് മൂസാ നബിക്ക് അവതീർണമായ വേദത്തെ സത്യപ്പെടുത്തുന്നതുമാണ്. മറ്റൊന്നിന്റെ സത്യാവസ്ഥ വെളിപ്പെടുത്തുന്നതോ സാക്ഷാത്കരിക്കുന്നതോ ആണ് ഭാഷയിൽ مصدّق. ഇവിടെ مصدّق-ന്റെ കർമം പറയുന്നില്ല. അത് 'അൽകിതാബ്' - വേദം ആണെന്ന് സന്ദർഭത്തിൽനിന്നു മനസ്സിലാക്കാം.

ഇവിടെ مصدّق-ന് പല ആശയങ്ങളാവാം: ഒന്ന്, മൂസാ നബി പ്രബോധനം ചെയ്ത വേദം അല്ലാഹുവിങ്കൽനിന്നവതീർണമായതാണെന്ന് ഈ വേദം സാക്ഷ്യപ്പെടുത്തുന്നു. 2) മുഹമ്മദ് നബിയുടെയും ഖുർആനിന്റെയും ആഗമനം സംബന്ധിച്ച് തൗറാത്തിൽ ഉള്ള അല്ലെങ്കിൽ ഉണ്ടായിരുന്ന പ്രവചനങ്ങളുടെ സാക്ഷാത്കാരമാണീ ഖുർആൻ. 3) തൗറാത്ത് അവതരിപ്പിക്കുന്ന സിദ്ധാന്തങ്ങളും നിയമങ്ങളുമെല്ലാം സത്യമാണെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. 4) തൗറാത്ത് പൂർണമായും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഒന്നാമത്തെയും രണ്ടാമത്തെയും ആശയമാണ് കൂടുതൽ പ്രബലവും സ്വീകാര്യവുമായിട്ടുള്ളത്. തൗറാത്തിന്റെ സിദ്ധാന്തങ്ങളിലും കൽപനകളിലും ഇസ്രാഈല്യർ ഭേദഗതികളും മായ്ചുകളയലും കൂട്ടിച്ചേർക്കലുമൊക്കെ വരുത്തിയിട്ടുണ്ട് എന്ന് ഖുർആൻ അന്യത്ര പ്രസ്താവിച്ചിട്ടുള്ളതിനാൽ മൂന്നും നാലും വ്യാഖ്യാനങ്ങൾ മുഖവിലക്കെടുക്കാനാവില്ല. തൗറാത്തിൽ ഉണ്ടായിട്ടുള്ള ഭിന്നാഭിപ്രായങ്ങളെയും തെറ്റുധാരണകളെയും വിധിക്കുന്നത് എന്നാണ് ചിലർ مصدّق-നെ വ്യാഖ്യാനിക്കുന്നത്. *അൽമാഇദ* 48-ാം സൂക്തത്തിലെ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ (വേദത്തിൽനിന്ന് അതിന്റെ മുമ്പിൽ അവശേഷിച്ചിട്ടുള്ളതിനെ സത്യപ്പെടുത്തുന്നതും വേദത്തെ സംരക്ഷിക്കുന്നതുമായിട്ട്) എന്ന വചനം ഈ വ്യാഖ്യാനത്തിന്റെ പ്രമാണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

**തൗറാത്ത് ഇസ്രാഈല്യരിലെ അധർമികൾക്കുള്ള താക്കീതും സുകൃതർക്കുള്ള സുവിശേഷവുമായിരുന്നുവെങ്കിൽ എല്ലാ അധർമകാരികൾക്കുമുള്ള താക്കീതും സുകൃതർക്കുള്ള സുവിശേഷവുമാണീ ഖുർആൻ.**

തൗറാത്ത് ഹിബ്രു ഭാഷയിൽ ഇസ്രാഈല്യർക്കുള്ള ദൈവാനുഗ്രഹമായിരുന്നുവെങ്കിൽ ഈ വേദം അതിന്റെ അറബി പതിപ്പാണ്. അറബികൾക്കുള്ള ദൈവാനുഗ്രഹമായിട്ടാണ് ഇത് അറബി ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നത്. തൗറാത്ത് ഇസ്രാഈല്യരിലെ അധർമികൾക്കുള്ള താക്കീതും സുകൃതർക്കുള്ള സുവിശേഷവുമായിരുന്നുവെങ്കിൽ എല്ലാ അധർമകാരികൾക്കുമുള്ള താക്കീതും സുകൃതർക്കുള്ള സുവിശേഷവുമാണീ ഖുർആൻ. ഈ താക്കീതും സുവിശേഷവുമാണ് ഖുർആനിന്റെ അവതരണ ലക്ഷ്യം. അധർമവും അക്രമവും ദൈവധിക്കാരവും പ്രവർത്തിച്ചവരാണ് الَّذِينَ ظَلَمُوا. ഖുർആനിന്റെ ദൃഷ്ടിയിൽ ഏറ്റം കൊടിയ അധർമം -ശിർക്ക്- ബഹുദൈവാരാധനയാകുന്നു. إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ (ശിർക്ക് കൊടിയ അക്രമം തന്നെയാകുന്നു). ശിർക്ക് ചെയ്യുന്നവർ ദൈവത്തോടല്ല അവരോടു തന്നെയാണ് അക്രമം പ്രവർത്തിക്കുന്നത്. അതിന്റെ അനന്തര ഫലം അനുഭവിക്കേണ്ടതും അവർ തന്നെ. പരലോക രക്ഷയും നന്മയും കാംക്ഷിക്കുന്നവർ ആ അനന്തര ഫലം മുന്നിലെത്തുന്നതിനു മുമ്പ് തങ്ങളുടെ വിശ്വാസവും ചര്യയും സംസ്കരിക്കാൻ തയാറാകണം. الَّذِينَ ظَلَمُوا ന്റെ വിപരീതമാണ് مُحْسِنِينَ. അല്ലാഹുവിന്റെ ഏകത്വത്തിലും സർവ ശക്തിയിലും ഉറച്ചു വിശ്വസിക്കുകയും സർവവും അവനിൽ സമർപ്പിക്കുകയും ചെയ്തുകൊണ്ട് അവന്റെ വിധിവിലക്കുകൾ ക്രമപ്രകാരം പാലിച്ചു ജീവിക്കുന്നവനാണ് محسن. ●